**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 149** **31-08-2022 - ൽ മറുപടിയ്ക്ക്**

**പുനർഗേഹം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഭവനരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് പുനർഗേഹം പദ്ധതി പ്രകാരം ലഭിക്കുന്ന 10 ലക്ഷം രൂപ ഭൂമി വാങ്ങാനും വീട് നിർമിക്കുവാനും അപര്യാപ്തമാണെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വാങ്ങുന്ന ഭൂമി ബാങ്കിൽ പണയപ്പെടുത്തി വായ്പ എടുത്ത് വീട് നിർമിക്കാൻ മത്സ്യത്തൊഴിലാളികളെ സഹായിക്കുമോയെന്ന് വ്യക്തമാക്കുമോ; | (എ) | പുനർഗേഹം പദ്ധതി പ്രകാരം സുരക്ഷിത മേഖലയിൽ 2 മുതൽ 3 സെന്റ് വരെ ഭൂമി വാങ്ങി 400 സ്ക്വയർഫീറ്റിൽ കുറയാത്ത ഭവനം നിർമ്മിക്കുന്നതിനായി 10 ലക്ഷം രൂപയാണ് ധനസഹായമായി അനുവദിക്കുന്നത്. ലൈഫ് അടക്കമുള്ള സർക്കാരിന്റെ മറ്റിതര ഭവന പദ്ധതികൾക്ക് സമമായി പുനർഗേഹം പദ്ധതിയിലും ഭവന നിർമ്മാണത്തിന് 4 ലക്ഷം രൂപയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഭൂമി വാങ്ങുന്നതിനായി അനുവദിക്കാവുന്ന പരമാവധി തുക 6 ലക്ഷം രൂപയാണ്. 6 ലക്ഷം രൂപയിൽ കുറഞ്ഞ തുകയാണ് ഭൂമി വാങ്ങുന്നതിനായി ചെലവാകുന്നതെങ്കിൽ ഭൂമിയ്ക്കായി നീക്കിവച്ച 6ലക്ഷം രൂപയിൽ ബാക്കി നിൽക്കുന്ന തുക കൂടി 4 ലക്ഷം രൂപയോട് ചേർത്ത് ഭവന നിർമ്മാണത്തിനായി ഉപയോഗിക്കുവാൻ പുനർഗേഹം പദ്ധതിയിൽ സാധിക്കും. കൂടാതെ പദ്ധതി പ്രകാരം ഭൂമി രജിസ്റ്റർ ചെയ്യുമ്പോൾ രജിസ്ട്രേഷൻ ഫീസും, സ്റ്റാമ്പ് ഡ്യൂട്ടിയും ഒഴിവാക്കി നൽകിയതിനാൽ ഈ വകയിൽ ചെലവഴിക്കേണ്ടി വരുന്ന തുക കൂടി ഭവന നിർമ്മാണത്തിനായി ഉപയോഗിക്കാവുന്നതാണ്. കടലാക്രമണ ഭീഷണിയിൽ വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്നവർക്ക് സുരക്ഷിത മേഖലയിൽ ഭവനമൊരുക്കി ജീവനും സ്വത്തിനും സംരക്ഷണമേകുന്ന രാജ്യത്തെ ആദ്യത്തെ മാതൃകാ പുനരധിവാസ പദ്ധതിയാണ് പുനർഗേഹം. ഇത്തരത്തിൽ സുരക്ഷിത ഭവനം ഒരുക്കുന്ന പദ്ധതി പ്രകാരം വാങ്ങുന്ന ഭൂമി ബാങ്കിൽ പണയപ്പെടുത്തി വായ്പ |

| | | | |
|---|---|---|---|
| | | | എടുക്കുന്നത് മത്സ്യത്തൊഴിലാളികളെ ഋണ ബാധ്യതയിലേയ്ക്ക് കൊണ്ടെത്തിച്ചേക്കാം. തീരദേശ ജനതയുടെ സാമൂഹികവും സാമ്പത്തികവുമായ ഉന്നമനം കൂടിയാണ് പദ്ധതിയുടെ പരോക്ഷ ലക്ഷ്യം. തീരദേശ ജനതയ്ക്ക് സുരക്ഷിത ഭവനം സന്തുഷ്ട തീരം എന്ന സങ്കല്പത്തിലൂന്നി നടപ്പിലാക്കുന്ന പദ്ധതിയുടെ ലക്ഷ്യ വ്യതിയാനത്തിനും ഇത് കാരണമായേക്കാം. |
| (ബി) | പുനർഗേഹം പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്ന തുക വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | തുക വർദ്ധിപ്പിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല. |
| (സി) | മത്സ്യത്തൊഴിലാളികൾക്ക് പുനർഗേഹം പദ്ധതി പ്രകാരം ലൈഫ് മാതൃകയിൽ വീട് നിർമിച്ച് നല്കാൻ നടപടി സ്വീകരിക്കുമോ? | (സി) | നിലവിൽ പുനർഗേഹം പദ്ധതി പ്രകാരം ഗുണഭോക്താവ് കണ്ടെത്തുന്ന ഭൂമിയിൽ വ്യക്തിഗത ഭവന നിർമ്മാണത്തോടൊപ്പം ലഭ്യമാകുന്ന സർക്കാർ/ സ്വകാര്യ ഭൂമി ഏറ്റെടുത്ത് ആയതിൽ ഭവന സമുച്ചയങ്ങൾ നിർമ്മിച്ചും പുനരധിവാസം ഉറപ്പ് വരുത്തുന്നു. അപ്രകാരം നിർമ്മാണം പൂർത്തീകരിച്ച 276 ഫ്ലാറ്റുകൾ ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. 342 ഫ്ലാറ്റുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. കൂടാതെ 556 ഫ്ലാറ്റുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികൾ വിവിധ ഘട്ടങ്ങളിലുമാണ്. |

സെക്ഷൻ ഓഫീസർ